

# – 2 –

# വന്യജീവി സങ്കേതങ്ങൾ

**ഡോ. കെ കിഷോർ കുമാർ**

സാങ്ചരി എന്നാൽ അഭയസ്ഥാനമാണ്. വന്യജീവികൾക്ക് അഭയം നൽകുന്നതാണ് വൈൽഡ് ലൈഫ് സാങ്ചറികൾ. നമ്മൾക്ക് വന്യജീവി സങ്കേതങ്ങൾ എന്നു വിളിക്കാം. വനത്തിൽ ജീവിക്കുന്നവയ്ക്ക് വേറൊരിടത്ത് അഭയം കൊടുക്കുന്ന ഏർപ്പാടൊന്നുമല്ല ഇത്. അപൂർവ ഇനങ്ങളിൽപ്പെട്ട വന്യജീവികളുടെ വംശനാശം തടയാനും, അവ ഉൾക്കൊള്ളുന്ന ആവാസവ്യവസ്ഥയെ നിലനിർത്താനുമായി കാടിനെ പ്രത്യേകം സംരക്ഷിക്കുന്ന പരിപാടിയാണ് വന്യജീവി സങ്കേതങ്ങളുടെ രൂപീകരണം. വലിയ കാര്യമാണത്. പ്രകൃതിയിലെ സ്വാഭാവികമായ ഭക്ഷ്യശൃംഖലകൾ നിലനിർത്താൻ കഴിയും. പാരിസ്ഥിതിക നാശത്തിന് തടയിടാൻ പറ്റും. ജനങ്ങളിൽ പ്രകൃതി പഠനത്തിനും ജൈവവൈവിധ്യ സംരക്ഷണത്തിനുമുള്ള അവബോധം ഉണ്ടാക്കിയെടുക്കാനും ഇത്തരം സങ്കേതങ്ങൾക്കു കഴിയുന്നു. വന്യജീവികൾക്ക് ഭയലേശമെന്യേ ജീവിക്കാനും അവയെ വംശനാശഭീഷണിയിൽ നിന്ന് രക്ഷിക്കാനുമുതകുന്ന ഒരു സംരക്ഷിതമേഖലയാണ് വന്യജീവി സങ്കേതങ്ങൾ.

ഒരു പ്രത്യേക വനമേഖലയെ അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാരാണ് വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നത്. പൊതുവെ, പ്രദേശത്തിന്റെ മൊത്തമായുള്ള സംരക്ഷണ പ്രാധാന്യം മുൻനിർത്തിയാണ് സങ്കേതങ്ങൾ പ്രഖ്യാപിക്കാറുള്ളത്. എന്നാൽ, ചിലപ്പോൾ അത്യപൂർവങ്ങളായ ചില സസ്യ-ജന്തു ജാലങ്ങളുടെ സംരക്ഷണത്തിന് കൂടുതൽ ഊന്നൽ നൽകിക്കാണാറുണ്ട് (ഉദാ: ചൂലന്നൂർ മയിൽ സങ്കേതം, കുറിഞ്ഞിമല സങ്കേതം (നീലക്കുറിഞ്ഞിക്കുവേണ്ടി), ചെന്തുരുണി സങ്കേതം (ചെങ്കുറിഞ്ഞി വൃക്ഷങ്ങൾക്ക് വേണ്ടി), ചിന്നാർ സങ്കേതം (നക്ഷത്ര ആമകൾക്കും, ചാര മലയണ്ണാനും വേണ്ടി).

ഏതെങ്കിലും വനപ്രദേശത്ത് സംരക്ഷണപ്രാധാ

***ഇല്ലാതാവുന്ന കാടുകൾ :***

*1) തേയിലത്തോട്ടത്തിന്റെ കടന്നുകയറ്റം, 2) നശിച്ചുകൊണ്ടിരിക്കുന്ന ചോലവനങ്ങൾ, 3) കാട്ടുതീ.*









ന്യമുള്ള വൈവിധ്യമാർന്ന സസ്യ-വന്യജീവി സമ്പത്തുണ്ടെങ്കിൽ അതതു സംസ്ഥാന സർക്കാരിന് അതിനെ സങ്ച്വറിയായി പ്രഖ്യാപിക്കാം. അതിന് പ്രത്യേകിച്ച് മുന്നറിയിപ്പൊന്നും ആവശ്യമില്ല. എന്നാൽ, ആ പ്രദേശത്തെ സംബന്ധിച്ച്, അതിന്റെ അതിരുകളെ സംബന്ധിച്ച് പലർക്കും എതിർപ്പുണ്ടാവാം; അവകാശവാദങ്ങളുണ്ടാവാം, അവർ തർക്കങ്ങൾ ഉന്നയിക്കാം. തർക്കങ്ങൾ ഉണ്ടായാൽ പലപ്പോഴും പ്രഖ്യാപനത്തിനു ശേഷമാണ് അതിന്മേലുള്ള തീർപ്പു കൽപ്പിക്കാറ്. പ്രഖ്യാപിച്ച സങ്കേതത്തിനു വേണ്ടി കൂടുതൽ പ്രദേശങ്ങൾ ഏറ്റെടുക്കാനും വേണമെങ്കിൽ ഒഴിവാക്കാനും അതതു സ്ഥലത്തെ കലക്ടർമാർക്ക് അധികാരമുണ്ട്. വന്യജീവി സങ്കേതമായി പ്രഖ്യാപിക്കപ്പെടുന്ന സ്ഥലങ്ങളിൽ ആദിവാസികളുടെ കോളനികൾ (ഊരുകൾ) ഉണ്ടെങ്കിൽ അവരെ സാധാരണയായി കുടിയൊഴിപ്പിക്കാറില്ല. പക്ഷേ, സങ്കേതത്തിന്റെ നിയമങ്ങൾ പാലിക്കാൻ അവർ ബാധ്യസ്ഥരാണ്.

നിങ്ങൾ ഏതെങ്കിലും വന്യജീവി സങ്കേതം സന്ദർശിച്ചിട്ടുണ്ടോ? സ്കൂളിൽ നിന്ന് വിനോദയാത്രയായോ, പ്രകൃതിപഠന ക്യാമ്പിന്റെ ഭാഗമായോ സന്ദർശിച്ചിട്ടുണ്ടാവാം അല്ലേ? വന്യജീവി സങ്കേതം മുഴുവൻ നടന്നുകാണാം എന്നു കരുതുന്നുണ്ടോ? അങ്ങനെ സാധിക്കില്ല എന്നതാണ് വസ്തുത.

പൊതുവെ വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടുന്ന വനവിഭാഗത്തെ പിക്നിക്, ടൂറിസം, ബഫർ, കോർ എന്നിങ്ങനെ നാലു മേഖലകളായി തരം തിരിച്ചിട്ടുണ്ട്. അതെന്തിനാ അങ്ങനെ? ഓരോ മേഖലയുടേയും ലക്ഷ്യങ്ങൾ വ്യത്യസ്തമാണെന്നതു തന്നെ കാരണം.

**1. പിക്നിക് മേഖല : (Picnic zone)**

സ്കൂൾ വിനോദയാത്രാസംഘം സങ്കേതത്തിലേക്ക് എത്തിച്ചേരുന്ന വഴി അവസാനിക്കുന്നിടത്ത് നമുക്ക് എന്തൊക്കെയാണ് കാണാൻ സാധിക്കുക? സങ്കേതത്തിന്റെ ഓഫീസുകൾ, വിവരങ്ങൾ നൽകുന്ന കേന്ദ്രം (ഇൻഫർമേഷൻ സെന്റർ), മ്യൂസിയം, ലൈബ്രറി, ടിക്കറ്റ് കൗണ്ടർ, വിശ്രമ മന്ദിരങ്ങൾ, ഭക്ഷണശാലകൾ, ക്വാർട്ടേഴ്സുകൾ അങ്ങനെ പലതും. ഇതാണ് പിക്നിക് മേഖല. നാം വന്യജീവി സങ്കേതത്തിന്റെ അതിരിൽ എത്തിയിട്ടേ ഉള്ളൂ



*കേരളത്തിലെ വന്യജീവി സങ്കേതങ്ങളിലെ അപൂർവ ഇനങ്ങളായ സിംഹവാലൻ കുരങ്ങും വരയാടും*




*മുത്തങ്ങ വന്യജീവി സങ്കേതത്തിന്റെ കവാടം ഓഫീസും ടിക്കറ്റ് കൗണ്ടറും മറ്റും കാണാം*



ഒരു പ്രത്യേക വനമേഖലയെ
അതിന്റെ പ്രാധാന്യം കണക്കിലെടുത്ത്
സർക്കാരാണ് വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നത്.

എന്നോർക്കുക. പിക്നികിന് വരുന്നവർക്ക് പരിശീലനം നേടിയ സഹായികളുടെ കൂടെ കാട്ടിൽ ചുറ്റിക്കറങ്ങാനുള്ള നടപ്പാതകൾ ഈ അതിർത്തിയിൽ നിന്നാണ് തുടങ്ങുന്നത്.

**2. ടൂറിസം മേഖല: (Tourism Zone)**

പിക്നിക് മേഖലയിൽ നിന്ന് ടൂറിസ്റ്റുകൾക്ക് വനംവകുപ്പ് ഏർപ്പാട് ചെയ്യുന്ന വാഹനങ്ങളിലോ, ബോട്ടിലോ, ചങ്ങാടങ്ങളിലോ സഹായികളുടെ കൂടെ യാത്ര ചെയ്ത് വന്യജീവികളെ കാണാൻ പോകാം. അതിനുവേണ്ടി അനുവദിച്ചിട്ടുള്ള പ്രദേശമാണ് ടൂറിസം മേഖല. മൃഗങ്ങളുടെ സാന്നിധ്യം സാധാരണയായുള്ളതും താരതമ്യേന അപകടരഹിതവുമായ പ്രദേശങ്ങളാണ് ഈ മേഖലയിൽ ഉൾപ്പെടുന്നത്. പരിസ്ഥിതിക്കനുയോജ്യമായ വ്യത്യസ്തങ്ങളായ ടൂറിസം പദ്ധതികൾ ഇവിടെ നടപ്പാക്കുന്നു.



*വന്യജീവികളെ കാണാൻ വാഹനങ്ങളിൽ*

**3. ബഫർ മേഖല: (Buffer Zone)**

സങ്കേതത്തിൽ, മനുഷ്യവാസമുള്ള ഗ്രാമങ്ങളോട് ചേർന്ന് കിടക്കുന്ന ഭാഗങ്ങളാണ് ഈ മേഖലയിൽ വരുന്നത്. ബഫർ എന്നാൽ കേന്ദ്രഭാഗത്തിന്(കോർ) ആഘാതമേൽക്കാതെ നിലനിർത്തുന്ന പ്രദേശമാണ്. ഇവിടെ വനംവകുപ്പ് മരങ്ങൾ വച്ചു പിടിപ്പിക്കുകയും, വെട്ടുകയും ചെയ്യാറുണ്ട്. സമീപവാസികളുടെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് സംരക്ഷണ നടപടികൾ ഇവിടെ അത്രത്തോളം കർശനമായി പാലിക്കാറില്ല.

*ബഫർ മേഖലയ്ക്കടുത്ത് മനുഷ്യവാസമുള്ള സ്ഥലം*



**4. കോർ മേഖല: (Core Zone)**

സങ്കേതത്തിന്റെ കേന്ദ്രഭാഗമാണിത്. യാതൊരുവിധ ബാഹ്യ ഇടപെടലുകളും ഇവിടെ അനുവദനീയമല്ല. എന്നുപറഞ്ഞാൽ അങ്ങോട്ടു നമുക്ക് പോകാൻ പറ്റില്ലാന്ന് അർഥം.



*കോർ മേഖലയിൽ സ്വൈരവിഹാരം നടത്തുന്ന പാമ്പ്*

മൃഗങ്ങളുടെ സ്വൈരവിഹാരത്തിനുള്ള സ്ഥലമാണിത്. അവറ്റകൾക്ക് സ്വാഭാവിക ജീവൽ പ്രവർത്തനങ്ങൾ നടത്താനും, പ്രത്യുൽപ്പാദനത്തിനും തടസ്സം വരരുത്. അതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയാണ് കോർ മേഖല കൊണ്ട് ഉദ്ദേശിക്കുന്നത്. വന്യമൃഗങ്ങളുടെ ഗുഹകളും ഒളിത്താവളങ്ങളും, ദേശാടനപക്ഷികൾ ചേക്കേറുന്ന ഇടങ്ങളും മറ്റും സംരക്ഷിക്കുക എന്നതും കോർ മേഖലകൊണ്ട് ഉദ്ദേശിക്കുന്നുണ്ട്.

*(തുടരും)*